LIBRARY ARCHIVES Kerala Legislative Assembly

ആറ്റുകാൽദേവീക്ഷേത്രത്തിന് സമീപം ഒരു പോലീസ് സ്റ്റേഷൻ

246 (2119) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ലോകപ്രസിദ്ധമായ ആറ്റുകാൽദേവി ക്ഷേത്രത്തിന് സമീപം ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ആറ്റുകാൽ ക്ഷേത്രത്തിന് സമീപം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ക്ഷേത്രഭരണ സമിതി അംഗങ്ങളും, ഉന്നത പോലീസ് അധികാരികളും, മറ്റ് ജനപ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ 20 സെന്റ് സ്ഥലവും ആറ്റുകാൽ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള പ്രാരംഭ ചെലവ് മുഴുവനായും, ആവർത്തന ചെലവുകളുടെ പകുതിയും ആറ്റുകാൽ ടെമ്പിൾ ട്രസ്റ്റ് വഹിക്കുവാൻ ധാരണയായിട്ടുണ്ടായിരുന്നു. എന്നാൽ ക്ഷേത്രം ട്രസ്റ്റ് വക സ്ഥലം കൈമാറുന്നതിൽ നിയമപരമായ തടസ്സം ഉള്ളതായി ടി ട്രസ്റ്റ് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ചുവരുന്നു.

മാവേലിക്കരയിൽ ട്രാഫിക് യൂണിറ്റ്

247 (2120) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിൽ ട്രാഫിക്ക് യൂണിറ്റ് അനുവദിക്കുമോ ; അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) മാവേലിക്കര സി. ഐ. ആഫീസ് പരിധിയിൽ ക്വട്ടേഷൻ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 2014-ൽ നടന്ന ക്വട്ടേഷൻ ആക്രമണങ്ങൾ എത്ര ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്രയാളുകളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട് ;

(സി) രജിസ്റ്റർ ചെയ്ത കേസുകളിൽപ്പെട്ട പ്രതികളെ പിടികൂടാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; അടിയന്തരമായി പ്രതികളെ പിടികൂടുമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-ൽ മാവേലിക്കരയിൽ കമ്മ്യൂണൽ ആക്രമണങ്ങൾ ഉണ്ടായിട്ടില്ല.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ

248 (2121) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 9 മാസത്തിനിടെ സ്ത്രീകളും കുട്ടികളുമടക്കം 1531 പേർ ബലാത്സംഗത്തിനിരയായി എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കേസുകളിൽ എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും, എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുവെന്നും വ്യക്തമാക്കുമോ ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ;

(സി) പീഡനത്തിനിരയാകുന്നവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ കേസന്വേഷിക്കുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പോലീസ് വിമുഖത കാണിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ 9 മാസത്തിനിടെ സ്ത്രീകളെയും കുട്ടികളെയും ബലാത്സംഗം ചെയ്തതുമായി ബന്ധപ്പെട്ട് 1531 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ 9 മാസത്തിനിടെ കേരളത്തിൽ 981 ബലാത്സംഗ കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് (Total Rape Cases-981 including children rape cases) ഇതിൽ 550 കേസുകൾ കുട്ടികൾ ഇരകളായ ബലാത്സംഗ കേസുകളാണ്. പ്രസ്തുത കേസുകളിൽ 1089 പേരെ അറസ്റ്റ് ചെയ്യുകയും 981 എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗീകാതിക്രമങ്ങൾ തടയുന്നതിനായി ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷനുകളും, വനിതാ സെല്ലും, വനിതാ ഹെൽപ്പ് ലൈനും പ്രവർത്തിച്ചു വരുന്നു. കൂടാതെ ജനമൈത്രീ പോലീസിന്റെയും സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെയും, ചൈൽഡ് ലൈൻ പ്രവർത്തകരുടെയും, സാമൂഹ്യനീതി വകുപ്പിന്റെയും, പഞ്ചായത്ത് ജനകീയ സമിതിയുടെയും സഹകരണത്തോടുകൂടി ബോധവൽക്കരണം നടത്തിയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു.

(സി) പീഡനത്തിനിരയാകുന്നവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ കേസന്വേഷിക്കുന്നതിനും, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പോലീസ് വിമുഖത കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly